**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2736** **13-12-2022 - ൽ മറുപടിയ്ക്ക്**

**കേരള പേപ്പർ പ്രോഡക്ട് ലിമിറ്റഡ് പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം നൗഷാദ് ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. എം.വിജിൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാർ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ കോർപ്പറേറ്റുകൾക്ക് വിൽക്കുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുകയെന്ന നയം സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെപോലും സ്വകാര്യവത്ക്കരിക്കുകയും, നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ അടച്ചുപൂട്ടുകയും ചെയ്യുന്ന കേന്ദ്രനയത്തിന് ബദലായി പൊതുമേഖല സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി സംരക്ഷിക്കുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നത്. ഇതിനോടകം, കേന്ദ്രസർക്കാർ സ്വകാര്യവത്കരിക്കുന്നതിനോ/പൂട്ടുന്നതിനോ തീരുമാനിച്ച ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് , BHEL-EML എന്നിവ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് യഥാക്രമം കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ്, കെൽ - EML എന്നിങ്ങനെ പുനർനാമകരണം ചെയ്ത് സംസ്ഥാന സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനങ്ങളായി പ്രവർത്തിച്ചുവരുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ച ഏതെല്ലാം സ്ഥാപനങ്ങൾ സംസ്ഥാന സർക്കാർ ഏറ്റെടുത്തു നടത്താൻ തീരുമാനിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ; | (ബി) | ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെപോലും സ്വകാര്യവത്ക്കരിക്കുകയും, നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ അടച്ചുപൂട്ടുകയും ചെയ്യുന്ന കേന്ദ്രനയത്തിന് ബദലായി പൊതുമേഖല സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി സംരക്ഷിക്കുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നത്. ഇതിനോടകം, കേന്ദ്രസർക്കാർ സ്വകാര്യവത്കരിക്കുന്നതിനോ/പൂട്ടുന്നതിനോ തീരുമാനിച്ച ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് , BHEL-EML എന്നിവ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് യഥാക്രമം കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ്, കെൽ - EML എന്നിങ്ങനെ പുനർനാമകരണം ചെയ്ത് സംസ്ഥാന സർക്കാരിന്റെ |

| | | | |
|---|---|---|---|
| | | | പൊതുമേഖലാ സ്ഥാപനങ്ങളായി പ്രവർത്തിച്ചുവരുന്നു. |
| (സി) | സംസ്ഥാന സർക്കാർ ഏറ്റെടുത്ത കേരള പേപ്പർ പ്രോഡക്റ്റ് ലിമിറ്റഡ് എന്ന സ്ഥാപനം പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം നൽകാമോ; സംസ്ഥാനത്തിന്റെ വ്യാവസായിക, തൊഴിൽ മേഖലകളിൽ ഇതിലൂടെ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ? | (സി) | കോട്ടയം ജില്ലയിലെ വെള്ളൂരിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പുനഃസംഘടിപ്പിച്ച് കേരള പേപ്പർ പ്രൊഡക്റ്റ്സ് ലിമിറ്റഡ് (കെ.പി.പി.എൽ) എന്ന പേരിൽ പുനർനാമകരണം ചെയ്ത് കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി . കേന്ദ്ര സർക്കാരിൽ നിന്ന് ഏറ്റെടുത്ത് റെക്കോഡ് വേഗതയിലാണ് കേരളത്തിന്റെ സ്വന്തം പേപ്പർ കമ്പനിയുടെ പുനഃരുദ്ധാരണപ്രവർത്തനങ്ങൾ മുന്നോട്ടുപോയത്. 2022 ജനുവരി 1ന് പുനഃരുദ്ധാരണപ്രക്രിയ ആരംഭിച്ച് അഞ്ച് മാസം കൊണ്ട് ആദ്യഘട്ടം പൂർത്തിയാക്കി 2022 മെയ് 19ന് പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിക്കുകയും, 2022 നവംബർ 1 ന് വാണിജ്യാടിസ്ഥാനത്തിൽ ന്യൂസ് പ്രിന്റ് നിർമ്മാണം ആരംഭിക്കുകയും ചെയ്തു.<br><br>പ്രതിവർഷം അഞ്ച് ലക്ഷം മെട്രിക് ടൺ ഉൽപാദന ശേഷിയുള്ള സ്ഥാപനമാക്കി മൂവായിരത്തോളം പേർക്ക് തൊഴിൽ നൽകാൻ സാധിക്കുന്ന, 3000 കോടി രൂപ വിറ്റുവരവുള്ള സ്ഥാപനമായി കെ.പി.പി.എൽ-നെ വികസിപ്പിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. നാല് ഘട്ടങ്ങളായാണ് കെ.പി.പി.എൽ-ന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്. ഒന്നാം ഘട്ടമായി അഞ്ചു മാസംകൊണ്ട് മൂന്ന് പ്ലാന്റുകളിലെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി (പേപ്പർ മെഷീൻ, റീ സൈക്കിൾഡ് പൾപ്പിങ്ങ് പ്ലാന്റ്, ബോയിലറും അനുബന്ധ മെഷിനറികളും). ഒന്നാംഘട്ടത്തിൽ 34.3 കോടി രൂപ ചിലവഴിച്ച് ഫാക്ടറി നവീകരിച്ചു. രണ്ടാംഘട്ടത്തിൽ 44.94 കോടി മുതൽ മുടക്കി കെമിക്കൽ, മെക്കാനിക്കൽ പ്ലാന്റുകളുടെ പുനരുദ്ധാരണം സാധ്യമാക്കി. രണ്ടാം ഘട്ടം പൂർത്തിയായതോടെ കമ്പനിയുടെ നിലവിലുള്ള ശേഷി മുഴുവൻ ഉപയോഗിക്കാവുന്ന സ്ഥിതിയിലേക്ക് ഉയർന്നിട്ടുണ്ട്. പ്രവർത്തനം ആരംഭിച്ചതിനുശേഷം ബാങ്കുകളുടെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയും പിന്തുണയോടെയാണ് മൂന്നും നാലും ഘട്ടങ്ങൾക്കുള്ള തുക സമാഹരിക്കുക. 27 മാസം കൊണ്ട് പൂർത്തിയാക്കാൻ ലക്ഷ്യമിടുന്ന മൂന്നാം ഘട്ടത്തിനായി 650 കോടി രൂപയാണ് ചിലവ് പ്രതീക്ഷിക്കുന്നത്. ഉയർന്ന ഗുണമേന്മയുള്ള പാക്കേജിങ്ങ് ബോർഡുകളാണ് ഈ ഘട്ടത്തിൽ ഉൽപാദിപ്പിക്കാൻ |

| | | | |
|---|---|---|---|
| | | | ലക്ഷ്യമിടുന്നത്. നാലാം ഘട്ടം 17 മാസം കൊണ്ട് പൂർത്തിയാക്കി പാക്കേജിങ്ങ് ഗ്രേഡ് പേപ്പർ ഉൽപാദനം തുടങ്ങാനുമാണ് ലക്ഷ്യമിടുന്നത്. 350 കോടിയാണ് ഈ ഘട്ടത്തിൽ ചെലവ് പ്രതീക്ഷിക്കുന്നത്.<br><br>പ്രവർത്തനം നിലച്ച സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനം കേരള സർക്കാർ ഏറ്റെടുത്ത് പുനരുദ്ധരിച്ച് പ്രവർത്തനം പുനരാരംഭിച്ചത് സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയ്ക്ക് ഒരു പുത്തൻ ഉണർവ്വ് നൽകിയിട്ടുണ്ട്. അടച്ചു പൂട്ടൽ മൂലം തൊഴിൽ നഷ്ടമായവരിൽ 250 പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കുന്നതിന് പുറമെ 650 ഓളം പേർക്ക് പരോക്ഷമായും തൊഴിൽ നൽകുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഉൽപാദനത്തിൽ തടസ്സങ്ങളില്ലാതെ മത്സരക്ഷമവും ലാഭകരവുമായ പൊതുമേഖലസ്ഥാപനമായി കെ.പി.പി.എൽ-നെ മാറ്റി സംസ്ഥാനത്തിന്റെ വ്യാവസായിക-തൊഴിൽ മേഖലകളിൽ മാതൃകയായി ഉയർത്താനാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. |

സെക്ഷൻ ഓഫീസർ